ഭരണഭാഷ-മാതൃഭാഷ

നമ്പർ.400967/BARE01/GPO/2023/2796/(9)

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് ആഫീസ്

ഉണ്ണിക്കുളം
എകരൂൽ.പി.ഓ
കോഴിക്കോട്
Phone No:04962647065
E-mail:unnikulamgp@gmail.com

തീയതി : 29/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. ഇൻറേണൽ വിജിലൻസ് ഓഫീസർ
ഇൻറേണൽ വിജിലൻസ് ഓഫീസർ 5 & കൺവീനർ(സ്ഥിരം അദാലത്ത് ഉപജില്ലാസമിതി)

സർ,

വിഷയം:- നവകേരള സദസ്സ് - ഉപജില്ലാസമിതി സ്ഥിരം അദാലത്ത്- തുടർനടപടി സംബന്ധിച്ച്

സൂചന:-
1. അബ്ദുൾ നാസർ, ആനപ്പാറക്കൽ എന്നവർ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ .
2. 27/12/2023 തിയ്യതിയിലെ ഉപജില്ലാ സമിതി സ്ഥിരം അദാലത്ത് തീരുമാനം .
3. അദാലത്ത് തീരുമാനപ്രകാരം 20/1/2024 തിയ്യതിയിലെ സൈറ്റ് പരിശോധന.

മേൽ സൂചന (1) പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് പുതുക്കുന്നതു സംബന്ധിച്ച് നവകേരള സദസ്സിൽ അബ്ദുൾ നാസർ, ആനപ്പാറക്കൽ എന്നവർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന(2) പ്രകാരം ഉപജില്ലാസമിതി അദാലത്ത് നടത്തുകയും ആയതിലെ തീരുമാനപ്രകാരം അബ്ദുൾ നാസർ, ആനപ്പാറക്കൽ എന്നവരുടെ സാന്നിധ്യത്തിൽ സെക്രട്ടറി ,അസിസ്റ്റന്റ് എഞ്ചിനീയർ ,ഓവർസിയർ ,സെക്ഷൻ ക്ലർക് എന്നിവർ 20/1/2024 ന് സൈറ്റ് വീണ്ടും പരിശോധിക്കുകയും ചെയ്തു. സൈറ്റ് പരിശോധിച്ചതിൽ പ്ലോട്ടിന്റെ ഒരു വശത്ത് (കിഴക്ക ഭാഗത്ത്) കെട്ടിടവും അതിരും തമ്മിൽ ആരംഭത്തിൽ 1.00m ,പിന്നീട് തുടർച്ചയായി 68cm ആണ് സൈറ്റിൽ ലഭ്യമായിട്ടുള്ളത്. എന്നാൽ KPBR 2011 ചട്ടം 27(5) പ്രകാരം കെട്ടിടത്തിനു മുൻ വശവും പിൻവശവും ഒഴികെയുള്ള ഒരുവശത്തിന് 1 മീറ്ററിൽ കുറയാതെയുള്ള open air space ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത വശത്തിൻറെ ആരംഭത്തിൽ 1.00m ഉണ്ടെങ്കിലും തുടർന്ന് ആയത് ലഭ്യമാകുന്നില്ല. കൂടാതെ A2-457/17-18 ,07-02-18 തിയ്യതിയിലെ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് പ്രകാരം പ്ലോട്ടിന്റെ തെക്ക ഭാഗം (PWD റോഡിനോട് ചേർന്ന് വരുന്ന ഭാഗം)പ്ലോട്ടിന്റെ നീളം 33.00M ആണ്

.എന്നാൽ അളന്നത് പ്രകാരം 31.70M ആണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത് .പ്ലോട്ടിന്റെ കിഴക്ക് ഭാഗത്ത് തോടും ,പടിഞ്ഞാറു ഭാഗത്ത് റോഡ് ആണ് അതിർത്തി പങ്കിടുന്നത് .അളവിൽ കുറവ് വന്നത് ഏതു ഭാഗത്താണ് വ്യക്തമാകുന്നില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് അതിരളവുകൾ വ്യക്തമാക്കുന്ന ബന്ധപ്പെട്ട റവന്യൂ വകുപ്പിൽ നിന്നുള്ള സ്കെച്ച് ഹാജരാക്കുകയും ആയതു പ്രകാരം പ്ലോട്ടിൽ മാർക്ക് ചെയ്യുകയും ചെയ്താൽ മാത്രമേ അതിരളവുകൾ കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്ന് ബോധിപ്പിക്കുന്നു. ആയതിന് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

രജനി പി

സെക്രട്ടറി

Signature Not Verified
Digitally signed by REJANI
Date: 2024.01.29 16:06:11 IST
Reason: ILGMS Govt. of kerala